# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 591 06.02.2013-ലെ മറുപടിക്ക്

## <u>സർക്കാർ പുറത്തിറക്കിയ കടപ്പത്രങ്ങൾ</u>

| | <u>ചോദ്യം</u><br>ശ്രീ. വി. ചെന്താമരാക്ഷൻ | <u>ഉത്തരം</u><br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ഖജനാവിൽ എത്ര തുക മിച്ചമുണ്ടായിരുന്നു; ആയത് ഇപ്പോൾ എത്രയായി; വ്യക്തമാക്കുമോ ; | ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ (16.05.2011 ലെ കണക്കുകൾ പ്രകാരം) 1963.47 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപം ഉണ്ടായിരുന്നു. റിസർവ്വ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 31.01.2013 ൽ ഇത് 4753.47 കോടി രൂപയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയുടെ കടപ്പത്രമാണ് പുറത്തിറക്കിയത് ; ഇതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | വകുപ്പുതല കണക്ക് പ്രകാരം ഈ സർക്കാർ അധികാരമേറ്റ ശേഷം 31.01.2013 വരെ 19,230 കോടി രൂപയുടെ കടപ്പത്രം പുറത്തിറക്കിയിട്ടുണ്ട്. കടപ്പത്രമിറക്കാൻ റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമില്ല. |
| (സി) | ഇപ്രകാരം കടപ്പത്രം മുഖേന ലഭിക്കുന്ന തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് ; ഈ കടപ്പത്രത്തിന്റെ പലിശയും കാലയളവും വ്യക്തമാക്കുമോ ? | കടപ്പത്രം മുഖേന ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ വിനിയോഗിക്കുന്നത്. ഈ സർക്കാർ 31.12.2012 വരെ എടുത്തിട്ടുള്ള കടപ്പത്രങ്ങളുടെ കാലാവധി 10 വർഷമാണ്. പലിശ നിരക്കിന്റെ വെയ്റ്റഡ് ആവറേജ് 2011-12 ൽ 8.81% ഉം, 2012-13 ൽ 8.96% ഉം ആകുന്നു. |

സെക്ഷൻ ഓഫീസർ